# കേരളസർവകലാശാല

നം.പി.ആർ.15/2021

## പത്രക്കുറിപ്പ്

**ഒന്നാംവർഷ ബിരുദ പ്രവേശനം 2020**
**എസ്.സി/ എസ്.ടി, ജനറൽ മറ്റു സംവരണ വിഭാഗങ്ങൾ എന്നിവർക്കായി അടൂർ, ആലപ്പുഴ മേഖലാതലത്തിൽ സ്പോട്ട്അലോട്ട്മെന്റ് ജനുവരി 21 മുതൽ 23 വരെ**

കേരളസർവകലാശായോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയം, ഐ.എച്ച്.ആർ.ഡി., യു.ഐ.ടി. കോളേജുകളിലേക്കുള്ള ഒഴിവുള്ള സീറ്റുകളിലേക്ക് എസ്.സി/എസ്.ടി, ജനറൽ/ മറ്റ് സംവരണ വിഭാഗക്കാർക്ക് വിവിധ കോഴ്സുകളിലേക്ക് അടൂർ, ആലപ്പുഴ മേഖലാതലത്തിൽ 21 മുതൽ 23 വരെ സ്പോട്ട്അലോട്ട്മെന്റ് നടത്തുന്നു. ബി.എസ്.സി., ബി.കോം., ബി.എ., എന്നീ ക്രമത്തിലാണ് സ്പോട്ട്അലോട്ട്മെന്റ്. സ്പോട്ട്അലോട്ട്മെന്റിനായി അടൂർ, ആലപ്പുഴ മേഖലകളിലെ കോളേജുകളിൽ ഓപ്ഷൻ സമർപ്പിച്ച വിദ്യാർത്ഥികളെ മാത്രമാണ് ഇതിലേക്ക് പരിഗണിക്കുന്നത്. സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും അലോട്ട്മെന്റ് നടത്തുക.

സ്പോട്ട്അലോട്ട്മെന്റ് രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. മേഖലാടിസ്ഥാനത്തിലുള്ള സെന്ററുകൾ താഴെ പറയുന്നവയാണ്.

- ആലപ്പുഴ-ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, അമ്പലപ്പുഴ
- അടൂർ-സെന്റ് സിറിൾസ് കോളേജ്, അടൂർ

കോളേജുകളിലെ ഓരോ കോഴ്സുകളുടെയും കാറ്റഗറി തിരിച്ചുള്ള ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ മനസിലാക്കിയ ശേഷം സ്പോട്ട്അലോട്ട്മെന്റിൽ പങ്കെടുക്കുക. സൈറ്റിൽ നൽകിയിട്ടുള്ള ഒഴിവുകൾക്ക് പുറമെ, സ്പോട്ട്അലോട്ട്മെന്റ് നടക്കുമ്പോൾ നിലവിൽ അഡ്മിഷൻ ലഭിച്ചവർ പുതിയ അഡ്മിഷൻ നേടി മാറുകയാണെങ്കിൽ അങ്ങനെയുള്ള ഒഴിവുകളും (Arising Vacancies) ഈ അലോട്ട്മെന്റ് നടപടിയിൽ നികത്തുന്നതാണ്. നിലവിൽ ഒഴിവ് കാണിച്ചിട്ടില്ലാത്ത കോഴ്സുകളിലും ഇപ്രകാരം Arising Vacancies ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന കാര്യം സ്പോട്ട്അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികൾ മനസ്സിലാക്കണം.

**അടൂർ, ആലപ്പുഴ മേഖലകളിലെ സ്പോട്ട്അലോട്ട്മെന്റിനുള്ള തീയതിയും സമയവും വിഷയങ്ങളും**

| 21.01.2021 | |
|---|---|
| B.Sc Chemistry/ B.Sc Polymer Chemistry/ B.Sc Chemistry and Industrial Chemistry/ B.Sc Physics / B.Sc Physics & Computer Application/ B.Sc Electronics/B.Sc Mathematics/ B.Sc Statistics/ B.Sc Geography/ B.Sc Geology/ B.Sc Computer Science/ | Reporting time 10.00 am |

| | |
|---|---|
| B.Sc Psychology | |
| B.Sc Botany/ B.Sc Botany & Biotechnology/ Biotechnology/ B.Sc Zoology/ B.Sc Micobiology/ B.Sc BioChemistry/B.Sc Home Science / B.Sc BioChemistry& Industrial Microbiology/B.Sc Environment and Environmental Science and Water Management | Reporting time 01.30 pm |

| **22.01.2021** | |
|---|---|
| B.Com (All electives) | Reporting time 10.00 am |
| BBA (All electives)/ BSW/ BCA/B.Voc (All electives)/ BMS Hotel Management | Reporting time 02.00 pm |
| **23.01.2021** | |
| BA English/ BA Honours in English Language & Literature /BA English and Communicative English/ BA English & Media Studies/ BA English and Malayalam Literatures/ BA Economics/ BA Economics & Media Studies/ BA Economics & Mathematics | Reporting time 10.00 am |
| BA Philosophy/ BA Journalism & Mass Communication/ BA History/ BA Sociology/ BA Islamic History/ BA Political Science/ BA Hindi/ BA Malayalam/ BA Malayalam and Mass Communication/ BA Sanskrit (All electives)/ BA Arabic/ BA Tamil | Reporting time 01.30 pm |

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവർക്കും സ്പോട്ട്അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ സ്പോട്ട്അലോട്ട്മെന്റിൽ പങ്കെടുത്ത് അഡ്മിഷൻ ഉറപ്പായെങ്കിൽ മാത്രമേ നിലവിൽ അഡ്മിഷൻ എടുത്ത കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും തിരിച്ചു വാങ്ങാൻ പാടുള്ളൂ. അവർ സ്പോട്ട്അലോട്ട്മെന്റിനായി ഓപ്ഷൻ സമർപ്പിച്ച പ്രിന്റ്ഔട്ട്, കോളേജിലെ തിരിച്ചറിയൽകാർഡ് എന്നിവ ഹാജരാക്കണം. ഇതുവരെ അഡ്മിഷൻ നേടാതെ സ്പോട്ട്അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്നവരുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. അലോട്ട്മെന്റ് ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/ മറ്റ് സംവരണവിഭാഗങ്ങൾക്ക് 1850 രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

സ്പോട്ട്അലോട്ട്മെന്റിൽ ഒരു സീറ്റ് സ്വീകരിച്ചാൽ യാതൊരു കാരണവശാലും അത് മാറ്റി നൽകുന്നതല്ല. സ്പോട്ട്അലോട്ട്മെന്റിൽ ഏതെങ്കിലും ഒരു വിഷയത്തിന് അലോട്ട്മെന്റ് സ്വീകരിച്ചവരെ മറ്റൊരു വിഷയത്തിനായി പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിച്ചവർ അപ്പോൾ തന്നെ ഹാൾവിട്ട് പുറത്തു പോകേണ്ടതാണ്.

സ്പോട്ട്അലോട്ട്മെന്റ് രണ്ടു കേന്ദ്രങ്ങളിൽ ഒരേസമയം നടക്കുന്നതിനാൽ വിദ്യാർത്ഥിക്ക് ഒരു പ്രതിനിധിയെ ഒരു കേന്ദ്രത്തിലേക്ക് അയക്കാവുന്നതാണ്. ആയതിനാൽ രണ്ടുകേന്ദ്രങ്ങളിൽ നിന്നും അലോട്ട്മെന്റ് സ്വീകരിക്കാതിരിക്കാൻ വിദ്യാർത്ഥി പ്രത്യേകം ശ്രദ്ധിക്കുക.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ

വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട്അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു.

## പരീക്ഷാകേന്ദ്രം

2021 ജനുവരി 25 ന് ആരംഭിക്കുന്ന ബി.എ. (ആന്വൽ സ്കീം) സപ്ലിമെന്ററി (സെപ്റ്റംബർ 2020 സെഷൻ) പാർട്ട് മൂന്ന് മെയിൻ, സബ്സിഡിയറി വിഷയങ്ങളുടെ പരീക്ഷകൾക്ക് ആൾ. സെയിന്റ്സ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഗവ.വിമൻസ് കോളേജ്, തിരുവനന്തപുരത്തും ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.എൻ.എം. ആർട്സ് ആന്റ് സയൻസ് കോളേജ്, (സെൽഫ് ഫിനാൻസിംഗ്), കാഞ്ഞിരംകുളത്തും മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ. കോളേജ്, ചെമ്പഴന്തിയിലും യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എ.ജെ.കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, തോന്നയ്ക്കലും ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തും ഗവ.കോളേജ്, നെടുമങ്ങാട് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തും ഗവ.വിമൻസ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ മാത്രം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തും ഇക്ബാൽ കോളേജ്, പെരിങ്ങമല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എൻ.എസ്.എസ്.കോളേജ്, നിലമേലും, ഡി.ബി.കോളേജ്, ശാസ്താംകോട്ട പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ.കോളേജ്, കൊല്ലത്തും എസ്.എൻ.കോളേജ് ഫോർ വിമൻ, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ.കോളേജ്, കൊല്ലത്തും എസ്.എൻ.കോളേജ്, ചേർത്തല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ഡി. കോളേജ്, ആലപ്പുഴയിലും റ്റി.കെ.എം.എം.നങ്ങ്യാർകുളങ്ങര, ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര എന്നീ കോളേജുകൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എൻ.എസ്.എസ്.കോളേജ്, പന്തളത്തും പരീക്ഷ എഴുതേണ്ടതാണ്. മറ്റു വിദ്യാർത്ഥികളുടെ പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. ഓഫ്ലൈൻ വിദ്യാർത്ഥികൾ ഹാൾടിക്കറ്റുകൾ പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## തീയതി നീട്ടി

കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇസ്ലാമിക് സ്റ്റഡീസിലെ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസിൽ കരാർ അദ്ധ്യാപകരുടെ ഒഴിവുകളിലേക്കുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി ജനുവരി 23 വൈകുന്നേരം 5 മണി വരെ നീട്ടിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കും www.keralauniversity.ac.in, www.recruit.keralauniversity.ac.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
20.01.2021